**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3363** — **15-02-2024 - ൽ മറുപടിയ്ക്ക്**

**അരുവിക്കര ഡാം ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | അരുവിക്കര ഡാം ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ; | (എ) | **അരുവിക്കരയിൽ ഒരു പുതിയ വിനോദസഞ്ചാര പദ്ധതി ആവിഷ്കരിക്കുവാൻ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ബഹു. എംഎൽഎ യുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ M/s. HITES എന്ന ഏജൻസിയെ പദ്ധതി സംബന്ധിച്ച് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരുന്നു. വിനോദസഞ്ചാര വകുപ്പിന്റെയും M/s. HITES ന്റെയും പ്രതിനിധികൾ സംയുക്തമായി 10/11/2023-ന് പദ്ധതി പ്രദേശത്ത് സന്ദർശനം നടത്തുകയും 11/01/2024 ന് വീണ്ടും കൂടിയ യോഗത്തിൽ പദ്ധതി വിശദമായി ചർച്ച ചെയ്യുകയുമുണ്ടായി. ബഹു. എംഎൽഎ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിനോദസഞ്ചാര വകുപ്പ് ഉദ്യോഗസ്ഥരും DTPC സെക്രട്ടറി, എക്സിക്യൂട്ടിങ് ഏജൻസിയുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. തുടർന്ന് പദ്ധതി രൂപ രേഖ തയ്യാറാക്കാൻ M/s HITES എന്ന ഏജൻസിയെ ചുമതലപ്പെടുത്തുകയും, അടിയന്തരമായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | കാലതാമസം കൂടാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. എക്സിക്യൂട്ടിങ് ഏജൻസിയുടെ യോഗം ചേർന്ന് DPR തയ്യാറാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ